**ക്രമപ്രശ്നം**

(1) ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ 166 (1) പ്രകാരം 05-02-2020-ന് സഭയുടെ മേശപ്പുറത്തുവച്ച ചുവടെചേർക്കുന്ന എസ്.ആർ.ഒ.-കൾ ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിച്ചത്. ഇനം 2 ക്രമനം. 4 12/2020, ഇനം 12 ക്രമനം.5 828/2019, ഇനം 12 ക്രമനം. 6 829/2019. എന്നാൽ പ്രസ്തുത എസ്.ആർ.ഒ.-കൾക്കും ചട്ടങ്ങൾക്കും ആധാരമായ മൂലനിയമങ്ങളായ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമവും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടും മലയാളത്തിലാണ് പ്രസിദ്ധീകരിച്ചതും പാസ്സാക്കിയതും. ചട്ടം 161-പ്രകാരം മേശപ്പുറത്തുവയ്ക്കുന്ന എസ്.ആർ.ഒ.-കൾക്ക് 167 പ്രകാരം അംഗങ്ങൾക്ക് ഭേദഗതി നൽകാൻ അവകാശമുണ്ട്. എന്നാൽ മലയാളത്തിലുള്ള നിയമങ്ങൾക്ക് ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നതുകൊണ്ട് ചട്ടം 167-പ്രകാരം ഭേദഗതി നിർദ്ദേശിക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. മാത്രമല്ല, ഇത് പഞ്ചായത്ത് രാജ് ആക്ടുമായും ബിൽഡിംഗ് റൂളുമായും ബന്ധപ്പെട്ട്

സാധാരണക്കാരായ ജനങ്ങളുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു എസ്.ആർ.ഒ. ആയതുകൊണ്ട് അത് ജനങ്ങൾക്ക് വളരെപ്പെട്ടെന്ന് മനസ്സിലാക്കാനും അതിന് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭേദഗതി നൽകാനും കഴിയാത്ത ബുദ്ധിമുട്ടുണ്ട്. മാത്രമല്ല, മലയാളഭാഷ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചിട്ടുള്ളതും മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിന് ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ സഭയിൽത്തന്നെ ഇത്തരത്തിലുള്ള ലംഘനങ്ങൾ നടക്കുന്നത് തീരെ ആശാസ്യമല്ല. മാത്രമല്ല, 2016 ജൂലൈ 18-ാം തീയതി നിയമസഭ പാസ്സാക്കുന്ന മൂലനിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാളഭാഷയിൽത്തന്നെ പുറപ്പെടുവിക്കണമെന്ന് അങ്ങ് നൽകിയ റൂളിംഗ് നിലനിൽക്കെയാണ് ബന്ധപ്പെട്ട വകുപ്പ് ഗുരുതരമായ വീഴ്ച വരുത്തിയത്. അതുകൊണ്ട് ഇക്കാര്യത്തിൽ റൂളിംഗ് നൽകുന്നതോടൊപ്പം പ്രസ്തുത എസ്.ആർ.ഒ.-കൾ സഭയുടെ മേശപ്പുറത്തുനിന്നും പിൻവലിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. അല്ലെങ്കിൽ സ്വാഭാവികമായും 14 ദിവസം കഴിഞ്ഞാൽ ഇത് ലാപ്സായിപ്പോകും. ഭേദഗതി കൊണ്ടുവരാൻ സാധിക്കില്ല. അതുകൊണ്ട് അവ പിൻവലിക്കാൻ ആവശ്യമായ റൂളിംഗ്

നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):സർ, കേരള സംസ്ഥാന നിയമസഭ പാസ്സാക്കിയതുപ്രകാരമുള്ള 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലിന് 2019 ഡിസംബർ 6-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി ലഭിക്കുകയും തുടർന്ന്, ഡിസംബർ 7-ാം തീയതി പൊതുജനങ്ങളുടെ അറിയിപ്പിലേയ്ക്കായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് ഇംഗ്ലീഷിലും മലയാളത്തിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആക്ടിലെ വകുപ്പ് 14-പ്രകാരം ഇംഗ്ലീഷ് റൂളിലെ ചട്ടം രൂപീകരിക്കുകയും ആയത് എസ്.ആർ.ഒ. നം. 12/2020 ആയി 06.01.2020-ലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ആയത് ചട്ടം 166(1) പ്രകാരം 05.02.2020-ന് സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ജനുവരി ആദ്യവാരം കൊച്ചിയിൽ നടത്തിയ നിക്ഷേപ സംഗമത്തിൽ പുതുതായി സംജാതമായ വ്യവസായ അനുകൂല സാഹചര്യങ്ങളും ഇതിനായി നടത്തിയ നിയമ പരിഷ്കാരങ്ങളും അവതരിപ്പിക്കേണ്ടതായിരുന്നു. വിദേശത്തുനിന്നും ഉൾപ്പടെയുള്ള ഒട്ടനവധി

നിക്ഷേപക സമൂഹം പങ്കെടുത്ത ചടങ്ങിൽ വിദേശികളടക്കം പങ്കെടുക്കുന്നു എന്നുള്ളതുകൂടി പ്രത്യേകമായി പരിഗണിച്ചുകൊണ്ട് ചടങ്ങിൽ അവയ്ക്ക് പ്രചരണം ലഭിക്കുന്നതിനുവേണ്ടിയാണ് ചട്ടങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തേണ്ട അടിയന്തര സാഹചര്യമുണ്ടായത്. ആയതിന്റെ മലയാളം പതിപ്പ് നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയോടുകൂടി ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. ചിലപ്പോൾ ഇന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ടാകും.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 02-01-2019-ലെ G.O.(P) No. 77/2019/ LSGD, SRO No. 828/2019 ഉത്തരവുപ്രകാരം ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2-11-2019-ലെ G.O.(P) No. 78/2019/LSGD SRO No. 829/2019 ഉത്തരവുപ്രകാരം പുറപ്പെടുവിച്ച 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ മലയാളത്തിൽ പുറപ്പെടുവിക്കാത്തതിനെ സംബന്ധിച്ചുള്ളതാണ് ക്രമപ്രശ്നം.

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും ഒരുമിച്ച് പ്രസിദ്ധീകരിക്കാൻവേണ്ടിയാണ് സർക്കാർ

തീരുമാനിച്ചിരുന്നത്. അതനുസരിച്ച് കരട് ചട്ടങ്ങൾ തയ്യാറാക്കി നൽകാൻ ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് മലയാളത്തിലെ ചട്ടങ്ങൾ ചീഫ് ടൗൺ പ്ലാനർ തയ്യാറാക്കിവരികയാണ്. പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിഷ്കർഷിച്ചതിൻപ്രകാരം കേരളത്തിലെ ചില പ്രത്യേക പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണ വ്യവസ്ഥകൾ ലളിതമാക്കുന്നതിനായി ചില പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥയും അതിൽ ഉൾപ്പെടുത്തിയിരുന്നു. ഈ അടിന്തരസാഹചര്യത്തിലാണ് ഇംഗ്ലീഷിൽ ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടി വന്നത്. ഇതിന്റെ മലയാളത്തിലുള്ള ചട്ടങ്ങൾ തയ്യാറാക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഉടൻതന്നെ ഇത് പ്രസിദ്ധീകരിക്കുന്നതാണ്. 2019-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയുടെ മലയാളം പകർപ്പ് അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു. കാലതാമസമില്ലാതെ ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലെ കാലതാമസം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് നിരവധി

തവണ റൂളിംഗ് നൽകിയ ഒരു വിഷയത്തെ സംബന്ധിച്ചാണ് ഞാൻ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഒന്നാം സമ്മേളനത്തിലെ 2016 ജൂലൈ 13, പതിനഞ്ചാം സമ്മേളനത്തിലെ 2019 ജൂൺ 13 എന്നീ തീയതികളിൽ അങ്ങ് ഇതുസംബന്ധിച്ച് ശക്തമായ റൂളിംഗ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ സ്പിരിറ്റ് ഉൾക്കൊള്ളുന്നതായും ജാഗ്രത കാണിക്കുന്നതായും കാണുന്നില്ല. ഞാൻ പലതവണ അങ്ങേയ്ക്ക് ഇതുസംബന്ധിച്ച വിശദാംശങ്ങൾ സഹിതം കത്ത് നൽകിയിരുന്നു. അതിനുശേഷവും പഴയ സ്ഥിതിതന്നെയാണ് ഇപ്പോഴും തുടരുന്നത്. ചട്ടം 47-ന്റെ നഗ്നമായ ലംഘനമാണ് ഇക്കാര്യത്തിലുണ്ടാകുന്നത്. To elicit details from the Government എന്നത് നിയമസഭാ സാമാജികരുടെ അവകാശമാണ്. 03.02.2020-ലെ നക്ഷത്രചിഹ്നമിടാത്ത 390 ചോദ്യങ്ങളുണ്ടായിരുന്നതിൽ 114 ചോദ്യങ്ങൾക്കാണ് കൃത്യസമയത്ത് മറുപടി ലഭിച്ചത്. അതിൽതന്നെ പലതിനും വിവരം ശേഖരിച്ചുവരുന്നുവെന്നുള്ളതാണ് മറുപടി. ഈ സമ്മേളനത്തിൽ അംഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യങ്ങളിൽ 237 എണ്ണത്തിന് മറുപടി ലഭിക്കാനുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി 157 ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതായിട്ടുണ്ട്. ഫെബ്രുവരി 4-ാം തീയതി കിഫ്ബി

സംബന്ധിച്ച് ഭരണ-പ്രതിപക്ഷ അംഗങ്ങൾ നൽകിയ 36 ചോദ്യങ്ങളിൽ ഒന്നിനുപോലും കൃത്യസമയത്ത് മറുപടി ലഭിച്ചില്ല. പത്തുദിവസത്തെ നോട്ടീസോടുകൂടി അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഒരു സമ്മേളനം കഴിഞ്ഞാൽപോലും മറുപടി നൽകാത്തത് സഭയോടുള്ള അവഹേളനം തന്നെയാണ്. ഇക്കാര്യത്തിൽ അങ്ങയുടെ ശക്തമായ ഇടപെടലും അംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടിയും ഉണ്ടാകണം. നിയമസഭാ സാമാജികർ നൽകുന്ന ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കുന്നില്ലെന്ന കാര്യം പലതവണ ഞാൻ കത്തുമുഖേന അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കർശനമായ റൂളിംഗ് നൽകിയശേഷവും പഴയ സ്ഥിതിയാണ് തുടരുന്നത്. നിയമസഭാ ചട്ടം 47-ന്റെ നഗ്നമായ ലംഘനമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഈ സമ്മേളനത്തിന്റെ ആദ്യദിവസം 03-02-2020-ലെ ആകെ 390 ചോദ്യങ്ങളുണ്ടായിരുന്നതിൽ 114 ചോദ്യങ്ങൾക്കാണ് മറുപടി നൽകിയത്. പതിനാറാം സമ്മേളനകാലത്ത് അംഗങ്ങൾ ചോദിച്ച ചോദ്യങ്ങൾക്ക് ഇതുവരെ മറുപടി ലഭിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച 198 ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭ്യമാക്കിയിട്ടില്ല. അത് അങ്ങ് പരിശോധിക്കണം. അതുകൊണ്ടാണ് ഇതൊരു ക്രമപ്രശ്നമായി ഉന്നയിച്ചത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം പൊതുവിൽ നിയമസഭാംഗങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടണമെന്ന നിലപാടിൽ തന്നെയാണ് സർക്കാർ നിൽക്കുന്നത്. ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാൻ ചില കാര്യങ്ങളിൽ കാലതാമസം വന്നിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നത്. ആ കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(3) ഉപധനാഭ്യർത്ഥനകൾ നടപ്പുസമ്മേളനത്തിൽത്തന്നെ ചർച്ച ചെയ്ത് പാസ്സാക്കണമെന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, 2019-20-ലെ സപ്ലിമെന്ററി ഡിമാന്റിന്റെ സ്റ്റേറ്റ്മെന്റ് 07.02.2020-ന് സഭയുടെ മേശപ്പുറത്ത് വച്ചെങ്കിലും പ്രസ്തുത ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കും അതുസംബന്ധിച്ച അപ്രോപ്രിയേഷൻ ബിൽ പരിഗണിക്കുന്നതിനും ഈ സമ്മേളനത്തിൽ സമയം അനുവദിച്ചിട്ടില്ല. ഉപധനാഭ്യർത്ഥനകൾ അതേ സമ്മേളനത്തിൽതന്നെ ചർച്ചചെയ്ത്

പാസ്സാക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് വിരുദ്ധമായ നടപടിയാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഇതിനുമുമ്പ് ഇത് ചെയ്തിരുന്നു. പക്ഷേ, നിരന്തരമായ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അത് നല്ല പ്രാക്ടീസല്ല. സപ്ലിമെന്ററി ഡിമാന്റും അതിന്റെ അപ്രോപ്രിയേഷനും അതുവയ്ക്കുന്ന അതേ സമ്മേളനത്തിൽതന്നെ പാസ്സാക്കണമെന്ന റൂളിംഗുകളും നിലനിൽക്കുകയാണ്. എങ്കിൽപ്പിന്നെ റൂളിംഗിന് എന്താണ് പ്രസക്തി? റൂളിംഗ് നിലനിൽക്കുമ്പോൾ വീണ്ടും അതുതന്നെയാണ് ചെയ്യുന്നത്. അതനുസരിച്ചുള്ള ഷെഡ്യൂൾ ചെയ്യണമായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ക്രമപ്രശ്നത്തിനുള്ള മറുപടിയിൽ ഒന്ന്, ഈ സമ്മേളനം ഒരു tight schedule ആയിരുന്നു. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനോടൊപ്പം 2019-20-ലെ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് 07-02-2020-ൽ സഭയുടെ മേശപ്പുറത്ത് വച്ചിരുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ, വളരെ ടൈറ്റായിട്ടുള്ള ഷെഡ്യൂൾ ആയതുകൊണ്ട് നിയമസഭയുടെ നടപ്പുസമ്മേളനം നമ്മൾ ക്രമീകരിച്ചത് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശപ്രകാരമാണ്.

കൂടാതെ നടപ്പുസമ്മേളനം അവസാനിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റികളിൽ ബഡ്ജറ്റ് സംബന്ധിച്ച വിശദമായ പരിശോധനയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകൾ ചട്ടപ്രകാരം 2020 മാർച്ച് മാസത്തിൽ പാസ്സാക്കിയാൽ മതി. അതുകൊണ്ട് ഉപധനാഭ്യർത്ഥനകൾ സഭയുടെ അടുത്ത സമ്മേളനത്തിൽ ആദ്യം ചർച്ച ചെയ്യും. ഇതിൽ ക്രമവിരുദ്ധമായി ഒന്നുംതന്നെയില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായിരുന്നു. പക്ഷേ, എന്തുകൊണ്ടാണ് ഉപധനാഭ്യർത്ഥനകൾ ഈ സഭയിൽ വയ്ക്കാതിരുന്നത് എന്നുള്ളതിന്റെ കാര്യം എല്ലാവർക്കും അറിയാം. ചട്ടവിരുദ്ധമായി യാതൊന്നും ഉണ്ടായിട്ടില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കൃത്യസമയത്ത് അസംബ്ലി നടക്കാത്തത് നമ്മുടെ കുറ്റമാണോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, വേറെയേതെങ്കിലും കാലഘട്ടത്തിൽ ഒരു സ്പീക്കർ എന്തെങ്കിലും റൂളിംഗ് നൽകിക്കഴിഞ്ഞാൽ അത് സ്ഥായിയായി നിൽക്കുന്നതല്ല എന്നുള്ളത് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ പറഞ്ഞതുപോലെ സഭയിൽ

വയ്ക്കാതിരുന്നതിന്റെ കാരണം ഞാനിവിടെ വിശദീകരിച്ചു. അടുത്തസമ്മേളനത്തിൽ ആദ്യംതന്നെ വയ്ക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി രണ്ടാം തവണയാണ് മുൻ സ്പീക്കർമാരുടെ റൂളിംഗ് ബാധകമല്ല എന്നുപറയുന്നത്. അദ്ദേഹം പാർലമെന്റ് അംഗമായ ഒരാൾ കൂടിയാണ്. We have precedents. ലോകസഭയിലാണെങ്കിലും രാജ്യസഭയിലാണെങ്കിലും നിയമസഭകളിലാണെങ്കിലുമെല്ലാം മുൻകാലത്ത് സ്പീക്കർമാർ നൽകുന്ന ഉത്തരവുകൾ പ്രീസിഡന്റായി സ്വീകരിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. അത് ഏത് സഭയുടെ കാര്യത്തിലാണെങ്കിലും അതാണുള്ളത്. അതുകൊണ്ട് മുൻകാലത്ത് സ്പീക്കർ നൽകിയ ഉത്തരവ് ബാധകമല്ല എന്നുപറയുന്നത് ചെയറിനോടുള്ള അവഹേളനം കൂടിയാണ്. Precedents ആണ്. അങ്ങനെയാണ് പ്രീസിഡന്റ്സ് ഉണ്ടാകുന്നത്. അത് ശരിയല്ല. അങ്ങ് സ്പീക്കർ സ്ഥാനത്തുനിന്നും മാറിയാൽ അങ്ങ് നൽകുന്ന റൂളിംഗ് അടുത്ത സഭയിൽ വരുമ്പോൾ അത് ക്വാട്ട് ചെയ്യുന്നത് ശരിയല്ല എന്നുപറഞ്ഞാൽ എന്ത് അർത്ഥമാണുള്ളത്. Sanctity of the chair

should not be questioned. അത് ശരിയല്ല. പ്രത്യേകിച്ച് പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇങ്ങനെ നിരന്തരമായി മുൻസ്പീക്കർമാർ പറയുന്ന കാര്യങ്ങൾ ഇവിടെ ബാധകമല്ല എന്നുപറയുന്നത് ഓർഡറിലല്ല, അത് ശരിയല്ല. സഭാനടപടി ചട്ടങ്ങളുടെ പ്രീസിഡന്റ്സ് എപ്പോഴും എടുക്കാറുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർമാർ നൽകിയിട്ടുള്ള എല്ലാ റൂളിംഗുകളെയും സംബന്ധിച്ച 'Speaker Speaks' എന്ന പുസ്തകം ലോകസഭയിലുണ്ട്. അത് ലോകസഭയിലെ എല്ലാവരും ഉദ്ധരിക്കുന്നുമുണ്ട്.

<u>മി. സ്പീക്കർ</u>: അത് ഇവിടെയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശക്തർ ആന്റ് കൗൾ, അവർ രണ്ടുപേരും ലോകസഭയിലെ സെക്രട്ടറിമാരായിരുന്നു. അവരുടെ പുസ്തകമല്ലേ ഇവിടെ ക്വാട്ട് ചെയ്യാറുള്ളത്. അപ്പോൾ 'Speaker Speaks' എന്നുപറയുന്നത് ഒരു പ്രീസിഡന്റാണ്. നിയമസഭാ നടപടിക്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ബഹുമാന്യരായ സ്പീക്കർമാരുടെ റൂളിംഗ് സഹായകരമായിരിക്കും. ഇടയ്ക്കിടയ്ക്ക് പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഏതെങ്കിലും സ്പീക്കർ പറയുന്നതൊന്നും പിന്നീട് ബാധകമല്ലെന്ന് പറയുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ്

അതിലുണ്ട്. ഇപ്പോൾ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇങ്ങനെ പറഞ്ഞു, always he is making some precedents. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ഓവർ റൂൾ ചെയ്തുകൊണ്ടാണ് എല്ലാ മറുപടിയിലും പറഞ്ഞത്. അദ്ദേഹം പുതിയ പ്രീസിഡന്റുണ്ടാക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിലവിലുള്ള ചില സാഹചര്യങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് പഴയ സ്പീക്കർമാരുടെ റൂളിംഗ് അതേരൂപത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കാത്ത ചില സാഹചര്യങ്ങൾ വരുമ്പോൾ, (...ബഹളം..)

<u>മി. സ്പീക്കർ</u>: ഞാൻ റൂൾ ചെയ്തോളും. അദ്ദേഹം പറയട്ടെ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്യും. നിലവിലുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ സ്പീക്കർമാർതന്നെ ആദ്യം കൊടുത്ത റൂളിംഗ് വേവ് ചെയ്തിട്ടുണ്ട്. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ സ്പീക്കറായിരിക്കുന്ന സമയത്ത് ശ്രീ. എം. വിജയകുമാറുമായി ബന്ധപ്പെട്ട് ഒരു റൂളിംഗ് ഇവിടെ വന്നു. ശ്രീ. എം. വിജയകുമാറിന്റെ റൂളിംഗ് എനിക്ക് ആപ്ലിക്കബിളല്ല, ഞാൻ പുതിയ റൂളിംഗാണ് ഇതിന് കൊടുക്കുന്നതെന്ന് അദ്ദേഹം തുറന്നുപറഞ്ഞു. അങ്ങനെയുള്ള

സന്ദർഭങ്ങൾ അപൂർവ്വമായി വരാറുണ്ട്.

മി.സ്പീക്കർ: കീഴ്‌വഴക്കങ്ങൾ പുതിയ റൂളിംഗിലൂടെ തിരുത്താവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഓവർ റൂൾ ചെയ്യണമെന്ന് ഞാൻ പറഞ്ഞിട്ടില്ല; ബഹുമാന്യരായ സ്പീക്കർമാർക്ക് തിരുത്താവുന്നതാണെന്ന് പറഞ്ഞു. ഇവിടെ ഇപ്പോൾ പറഞ്ഞിട്ടുള്ള കാര്യം ശരിയാണ്. അതേ സെക്ഷനിൽതന്നെ സപ്ലിമെന്ററി ഡിമാന്റ് ചർച്ച ചെയ്യണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ കൊടുത്ത റൂളിംഗ് ഇവിടെയുണ്ട്. അത് സാധിക്കാതിരുന്നതിന്റെ സാഹചര്യം ഇവിടെ വെളിപ്പെടുത്തിയെന്നുമാത്രം.

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തേയുള്ള ഒരു സ്പീക്കറുടെ റൂളിംഗ് ഓവർ റൂൾ ചെയ്യാനുള്ള എന്തുസാഹചര്യമാണ് ഇവിടെയുള്ളത്? അതിന് എന്തെങ്കിലും കാരണമുണ്ടോ? ഒന്നും ഉണ്ടായിട്ടില്ല.

**റൂളിംഗ്**

(1) ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭ പാസ്സാക്കിയ 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ

പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 05.02.2020-ന് സഭയുടെ മേശപ്പുറത്തുവച്ചതുമായ ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും മലയാളം മൂലനിയമമാക്കി സഭ പാസ്സാക്കിയ മേൽപ്പറഞ്ഞ മൂന്ന് നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ലെന്നും അതിനെതിരെ ശക്തമായ റൂളിംഗ് വേണമെന്നുമാണ് ശ്രീ. എം. ഉമ്മർ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇവിടെ പരാമർശിക്കപ്പെട്ട ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും വിശദീകരിക്കുകയുണ്ടായി.

നമ്മുടെ പുതിയ വ്യവസായ നയത്തിന്റേയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ അംഗീകരിക്കാവുന്നതാണെങ്കിലും വിശദമായി ചെയർ പരിശോധിച്ച സാഹചര്യത്തിൽ ന്യായവാദങ്ങൾ എന്തുതന്നെയായാലും സഭ മലയാള ഭാഷയിൽ പാസ്സാക്കിയ ഒരു മൂലനിയമത്തിന്മേൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആദ്യം ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കുന്നത് അംഗീകരിക്കാനാവില്ല. ഏതെങ്കിലും കാരണത്താൽ

മലയാളത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളുടെ ഇംഗ്ലീഷ് ഭാഷ അനിവാര്യമാണെന്ന് തോന്നുന്നപക്ഷം മലയാളം ചട്ടങ്ങളുടെ ഇംഗ്ലീഷ് പരിഭാഷകൂടി ഉടൻ പുറപ്പെടുവിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 348(3)-ൽ അതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സഭ മലയാളത്തിൽ പാസ്സാക്കുന്ന മൂലനിയമത്തെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ അവ ആദ്യം മലയാള ഭാഷയിൽതന്നെ ആയിരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ ഈ അവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഇനിമേൽ ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ചെയർ അറിയിക്കുന്നു.

ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട വളരെ ഗുരുതരമായ മറ്റൊരുകാര്യംകൂടി ഇത്തരുണത്തിൽ സൂചിപ്പിക്കുകയാണ്. മുകളിൽ പരാമർശിക്കപ്പെട്ട 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കെട്ടിട

നിർമ്മാണ ചട്ടങ്ങൾ വളരെയേറെ ബൃഹത്തും ഓരോന്നിലും നൂറിലധികം ചട്ടങ്ങളും ഉപചട്ടങ്ങളും ഫോറങ്ങളും അനുബന്ധങ്ങളും ഉൾപ്പെടുന്നതുമായ വളരെ പ്രധാനപ്പെട്ട രേഖയാണെന്നും കാണാവുന്നതാണ്.

ഇത്രമാത്രം പ്രധാനപ്പെട്ടതും എല്ലാ വിഭാഗത്തിൽപ്പെട്ട ആൾക്കാരെയും ബാധിക്കുന്നതുമായ ഒരു ചട്ടനിർമ്മാണം സബ്ജക്ട് കമ്മിറ്റികളുമായി ബന്ധപ്പെട്ട സഭാ ചട്ടങ്ങളിലെ ചട്ടം 238 പ്രകാരമുള്ള മുൻകൂർ പരിശോധന കൂടാതെയാണ് പുറപ്പെടുവിച്ചതെന്ന് കാണുന്നു. ഈ നടപടിയും പൊതുവേ അംഗീകരിക്കുവാൻ കഴിയുന്നതല്ല. സമഗ്രമായ ചട്ടങ്ങളാണ് രൂപീകരിക്കുന്നതെങ്കിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന (Prior scrutiny) കൂടാതെ പുറപ്പെടുവിക്കുന്നത് നമ്മുടെ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണത്തിന് പിന്നിലെ ഉദ്ദേശ്യശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്ന ഒന്നായി മാറുന്നതാണ്. ഇപ്പോൾ അവ സാധൂകരണത്തിനായി സബ്ജക്ട് കമ്മിറ്റിയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പോലും ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണെന്നുകൂടി അറിയിക്കുന്നു.

(2) ഉപധനാഭ്യർത്ഥനകൾ നടപ്പുസമ്മേളനത്തിൽത്തന്നെ ചർച്ചചെയ്ത് പാസ്സാക്കണമെന്നത് സംബന്ധിച്ച്

മി. സ്പീക്കർ: നടപ്പുസാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച അന്തിമ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി 07.02.2020-ന് സഭയിൽ സമർപ്പിച്ചുവെങ്കിലും അതിന്മേലുള്ള ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി ഈ സമ്മേളനത്തിൽ സമയം നീക്കി വയ്ക്കാതിരിക്കുന്നതുമൂലം ഉളവാകാതിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ശ്രീ. വി. ഡി. സതീശൻ ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി.

സാധാരണഗതിയിൽ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചുകഴിഞ്ഞാൽ അത് അതേ സമ്മേളനത്തിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നതാണ് നമ്മുടെ നടപടിക്രമവും കീഴ്വഴക്കവും. എന്നാൽ നമുക്കൊക്കെ അറിയാവുന്നതുപോലെ നമ്മുടെ സഭ ഈ വർഷം Vote on Account കൂടാതെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കാനുള്ള ശ്രമത്തിലാണ്. സഭ ഇന്നു പിരിഞ്ഞുകഴിഞ്ഞാൽ അടുത്ത രണ്ടാഴ്ചകൊണ്ട് സബ്ജക്ട് കമ്മറ്റികളുടെ ബഡ്ജറ്റ് സ്ക്രൂട്ടിനി നടത്തേണ്ടതുമുണ്ട്. അതിനുശേഷം സഭ വീണ്ടും സമ്മേളിച്ച് ബഡ്ജറ്റ്

സമ്പൂർണ്ണമായി ചർച്ച ചെയ്ത് മാർച്ച് 31-ന് മുമ്പായി പാസ്സാക്കേണ്ടതുമുണ്ട്. സ്വാഭാവികമായും സമയക്കുറവ് ഇക്കാര്യങ്ങളിലൊക്കെ നമ്മെ അലട്ടുന്നുണ്ട്.

ഉപധനാഭ്യർത്ഥനകളുടെ കാര്യത്തിൽ സാങ്കേതികമായി അവ മാർച്ച് 31-ന് മുമ്പായി പാസ്സാക്കിയാൽ മതിയെങ്കിൽപ്പോലും അവ കഴിയുന്നത്ര വേഗത്തിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നത് തന്നെയാണ് ഉത്തമമായ മാതൃക. ഇക്കാര്യത്തിൽ നടപടിക്രമത്തിൽ വീഴ്ച ഇല്ലാത്തതിനാലും സഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽത്തന്നെ ഇതിനായുള്ള സമയം ക്രമീകരിക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ക്രമപ്രശ്നം നിലനില്ക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## 3. ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലെ അനാസ്ഥ

മി. സ്പീക്കർ: നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത് വസ്തുതാപരമായ ഒരു കാര്യം തന്നെയാണ്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തത് സംബന്ധിച്ച് സമാനമായ ക്രമപ്രശ്നങ്ങൾ നിരവധി തവണ ഉന്നയിച്ചിട്ടുള്ളതും വ്യക്തമായി റൂളിംഗ്

നൽകിയിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗുണപരമായ വലിയ മാറ്റങ്ങൾ പൊതുവിൽ പ്രകടമാണ് എന്നതാണ് വസ്തുത. ചില വകുപ്പുകളുടെ കാര്യത്തിൽ ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ആശാവഹമല്ല എന്നാണ് ഈ സമ്മേളനത്തിലും പ്രകടമാകുന്നത്. ഇതേവിഷയത്തിൽ സഭയുടെ 16-ാം സമ്മേളന സമയത്ത് ഉന്നയിക്കപ്പെട്ട ഒരു ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ യഥാസമയം മറുപടി ലഭിക്കാത്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കൊപ്പം സമർപ്പിക്കേണ്ട ഡിലേ സ്റ്റേറ്റ്മെന്റുകൾക്ക് ഒരു നിർദ്ദിഷ്ട മാതൃക നിശ്ചയിക്കുകയും ആയത് സർക്കുലർ പ്രകാരം എല്ലാ വകുപ്പുകളേയും അറിയിക്കുകയും ചെയ്തതായി മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സൂചിപ്പിച്ചിട്ടുള്ള ചോദ്യങ്ങളിൽ ബഹുഭൂരിപക്ഷം ചോദ്യങ്ങൾക്കുമുള്ള മറുപടി ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയിരുന്നുവെങ്കിലും പ്രസ്തുത ഡിലേ സ്റ്റേ്മെന്റുകൾ, സർക്കാർ സർക്കുലറിലൂടെ നിഷ്കർഷിച്ചിരുന്ന മാതൃകയിലല്ലാത്തതിനാൽ അപ്രകാരം റിവൈസ് ചെയ്യുന്നതിനായി തിരിച്ചയയ്ക്കുകയായിരുന്നു. അവ ഉൾപ്പെടെയുള്ള മറുപടികളാണ് ഇപ്പോൾ

കുടിശ്ശികയായി നിൽക്കുന്നത്.

സഭാതലത്തിൽ നൽകിയ റൂളിംഗിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് തന്നെ നിഷ്കർഷിച്ച മാതൃകയിൽനിന്നും വിരുദ്ധമായി തയ്യാറാക്കി ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ഒരു കാരണവശാലും സ്വീകരിക്കാൻ കഴിയുന്നവയല്ല എന്ന സാഹചര്യമുള്ളതുകൊണ്ടാണ് ഇത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ പുതുക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി കുടിശ്ശികയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടികൾ അടിയന്തരമായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്കുള്ള മറുപടികൾകൂടി അടിയന്തരമായിത്തന്നെ ലഭ്യമാക്കേണ്ടതാണെന്നും റൂൾ ചെയ്യുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ പാർലമെന്ററികാര്യ വകുപ്പുമന്ത്രി റൂളിംഗുകളെ സംബന്ധിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അതിൽ റൂൾ ചെയ്യാമെന്ന് പറഞ്ഞു. കോടതിയിലായാലും നിയമസഭയിലായാലും ഒരു വിഷയത്തിൽ ഒരു റൂളിംഗ് നിലനിൽക്കുമ്പോൾ ആ റൂളിംഗാണ് ആ വിഷയത്തിൽ അപ്പോൾ നിലവിലുള്ള നിയമം. അപ്പോൾ അതിനെ സംബന്ധിച്ച് കഴിഞ്ഞകാല സ്പീക്കർമാർ പറഞ്ഞ

റൂളിംഗ് ബാധകമാണോ അല്ലയോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഓവർ റൂൾ ചെയ്യാം. സ്പീക്കർ അതിന്റെ പൊസിഷനെന്താണെന്ന് വ്യക്തമാക്കാമെന്ന് പറഞ്ഞു. ഇവിടെയുള്ള ക്രമപ്രശ്നങ്ങളെല്ലാം പറഞ്ഞ കൂട്ടത്തിൽ അത് വ്യക്തമാക്കി കണ്ടില്ല. കഴിഞ്ഞകാല സ്പീക്കർമാർ ഒരു വിഷയത്തിൽ പറഞ്ഞ റൂളിംഗ് ഓവർറൂൾ ചെയ്യാത്തിടത്തോളം കാലം അത് നിലനിൽക്കുന്നതല്ലേ എന്നതാണ് എന്റെ ക്രമപ്രശ്നം.

മി. സ്പീക്കർ: ഒരു റൂളിംഗ് നിലവിലുള്ളപ്പോൾ ആ റൂളിംഗിനെ സംബന്ധിച്ചുള്ള കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിലാണ് പോകുന്നത്. പക്ഷെ പുതിയ റൂളിംഗുകളുടെ പശ്ചാത്തലത്തിൽ ആ റൂളിംഗുകൾ മാറും. റൂളിംഗ് എന്നുപറഞ്ഞാൽ എല്ലാകാലത്തും മാറ്റാൻ പറ്റാത്ത ഇരുമ്പുലക്ക പോലെയുള്ള സംഗതിയല്ല. സാഹചര്യങ്ങൾക്കനുസരിച്ച് മാറേണ്ടിവരും. അപ്പോൾ പുതിയ റൂളിംഗ് വരുന്നതോടുകൂടി പഴയ റൂളിംഗ് അപ്രസക്തമാകും. ഓവർറൂൾ ചെയ്തുവെന്ന് പ്രത്യേകം പറയേണ്ട കാര്യമില്ല.